## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2064

07.07.2015-ലെ മറുപടിയ്ക്ക്

## ശ്രീമതി സരള സമർപ്പിച്ച അപേക്ഷയിൽമേൽ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ബി.ഡി. ദേവസ്സി | | ശ്രീ.സി.എൻ.ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) | |
| (എ) | ഇരിങ്ങാലക്കുട സഹകരണ സംഘം, അസി:രജിസ്ട്രാർ ഓഫീസിൽ ജോലി ചെയ്തുവരികെ 15 വർഷങ്ങൾക്കു മുമ്പ് കാണാതായ ശ്രീ സദാനന്ദന്റെ സർവ്വീസ് ആനുകൂല്യങ്ങളും മറ്റും ലഭിയ്ക്കുന്നതിനായി അദ്ദേഹത്തിന്റെ ഭാര്യ ശ്രീമതി സരള, മുണ്ടയ്ക്കത്തുപറമ്പിൽ സമർപ്പിച്ച അപേക്ഷയിൽ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നും, നടപടികൾ ഏതു ഘട്ടത്തിലാണ് എന്നും അറിയിക്കാമോ; | (എ) യും (ബി) യും | 6.3.2000 മുതൽ സർവ്വീസിൽ നിന്നും പരിച്ചുവിടപ്പെട്ട സീനിയർ ആഡിറ്റർ ശ്രീ.എം.എൻ.സദാനന്ദനെ ടിയാൻ മുകുന്ദപുരം ആഡിറ്റ് അസിസ്റ്റന്റ് രജിസ്ട്രാറാഫീസിൽ ആഫീസ് ആഡിറ്ററായി ജോലി ചെയ്യുമ്പോൾ 05.03.2000 മുതൽ കാണാതായി എന്നും, ആയതിനാൽ ടിയാന്റെ ആശ്രിതർക്കുള്ള കുടുംബ പെൻഷനും, മറ്റ് ആനുകൂല്യങ്ങളും അനുവദിക്കണമെന്ന് അപേക്ഷിച്ചുകൊണ്ട് ടിയാന്റെ ഭാര്യ ശ്രീമതി.സരള മുണ്ടക്കത്ത് പറമ്പിൽ 19.4.2013 ന് അപേക്ഷ സമർപ്പിച്ചിരുന്നു. ടിയാന്റെ നിയമപരമായ അവകാശികൾ ആരെല്ലാമാണെന്ന് തെളിയിക്കുന്ന സാക്ഷ്യപത്രവും, കുടുംബ വിവരം സംബന്ധിച്ച വിശദാംശങ്ങളും ഹാജരാക്കാൻ മുകുന്ദപുരം അസിസ്റ്റന്റ് ഡയറക്ടർ 9.6.2013 ൽ കത്ത് നൽകിയെങ്കിലും നാളിതുവരെ മറുപടിയൊന്നും ലഭിച്ചിട്ടില്ല. ആയതിനാൽ ടിയാന്റെ അപേക്ഷയിൽ തുടർനടപടികൾ എടുക്കാൻ സാധിക്കുന്നില്ല. |
| (ബി) | പ്രസ്തുത അപേക്ഷയിൽ അടിയന്തിര നടപടികൾ സ്വീകരിക്കുമോ? | | |

കൂടാതെ ശ്രീമതി.സരള
ഇരിങ്ങാലക്കുട മുൻസിഫ്
കോടതിയിൽ ഒ.എസ്.2954/13
നമ്പരായി മുകുന്ദപുരം അസിസ്റ്റന്റ്
ഡയറക്ടർക്കെതിരായി
അന്യായം ഫയൽ
ചെയ്തിട്ടുള്ളതുമാണ്. ടി
അന്യായത്തിൽ ടിയാൻ
മരിച്ചതായും, ടിയാന്റെ
അവകാശികളായി ഭാര്യയെയും
മക്കളെയും പ്രഖ്യാപിച്ച്
അപേക്ഷിച്ച പെൻഷൻ
അനുവദിക്കണമെന്നതാണ്
അഭ്യർത്ഥിച്ചിരിക്കുന്നത്.
നിയമപരമായി രേഖകൾ
ഹാജരാക്കുന്ന മുറയ്ക്കും,
കോടതിയിൽ
ശ്രീ.എം.എൻ.സദാനന്ദന്റെ ഭാര്യ
ഫയൽ ചെയ്തിരിക്കുന്ന
അന്യായത്തിന്റെ തീർപ്പിന്റെ
അടിസ്ഥാനത്തിലും തുടർ
നടപടികൾ
സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ